(6) കാഞ്ഞിരപ്പള്ളിയിലെ പെട്രോൾപമ്പ് ജീവനക്കാരനായിരുന്ന ജോജോയുടെ കൊലപാതകം

ശ്രീ. ജോർജ് ജെ. മാത്യു : സർ, ഇന്ന് രാവിലെ എല്ലാ പ്രധാനപ്പെട്ട പത്രങ്ങളിലും, കാഞ്ഞിരപ്പള്ളിയിൽ നടന്ന ഒരു കൊലപാതകത്തെക്കുറിച്ച് വാർത്തയുണ്ട്. 12-03-2000 ഞായറാഴ്ച രാവിലെ 5.30 കഴിഞ്ഞ് കാഞ്ഞിരപ്പള്ളി ഇന്ത്യൻ ഓയിൽ പമ്പിൽ ജോലി ചെയ്യുന്ന മുണ്ടക്കയം പുഞ്ചവയൽക്കാരനായ 19 വയസ്സുള്ള ജോജോ എന്നു വിളിക്കുന്ന യുവാവ് കൊല്ലപ്പെട്ടു. ജോജോയുടെ കഴുത്തുഞെരിച്ച് കൊന്ന് പെട്രോൾ പമ്പിലെ പണം കൊണ്ടു പോയി എന്നാണ് റിപ്പോർട്ട്. ഇത്തരം കൊലപാതകങ്ങൾ കാഞ്ഞിരപ്പള്ളിയിൽ സാധാരണ സംഭവമായി മാറിയിരിക്കുന്നു. ഇതിനുമുമ്പ് ഇവിടെ കോവിൽക്കടവിൽ നടന്ന ഒരു കൊലപാതകത്തിൽ എലിക്കുളംകാരനായ കുട്ടനെ, മൊട്ട നൗഷാദ് എന്ന ആൾ കൊന്നിട്ട് ശരീരം കരിച്ചുകളയാൻ ശ്രമിച്ചു. കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷനിലെ രണ്ടു കോൺസ്റ്റബിൾമാരെ മൊട്ട നൗഷാദ് വണ്ടി ഇടിച്ച് പരിക്കേൽപ്പിച്ചു. ഇവരിൽ മോഹനൻ എന്ന പോലീസുകാരൻ മരിച്ചു, സൈനുദ്ദീൻ ജീവച്ഛവമായി കഴിയുന്നു. ഉന്നതന്മാരായ പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഒത്താശയോടെയാണ് മൊട്ട നൗഷാദ് ഇതെല്ലാം ചെയ്യുന്നതെന്ന് ജനം പറയുന്നു. ഇപ്പോഴത്തെ ഈ കൊലപാതകങ്ങൾ കാരണം കാഞ്ഞിരപ്പള്ളി പ്രദേശത്തെ ജനങ്ങൾ ആകെ ഭയവിഹ്വലരാണ്. ജോജോയുടെ കൊലപാതകം തെളിയിക്കാൻ കഴിവില്ലാത്ത പോലീസ് തന്നെയാണ് മൊട്ട നൗഷാദിനെ പിടിക്കാൻ ശ്രമിക്കുന്നത്. ഈ സാഹചര്യത്തിൽ സർക്കാർ അടിയന്തിരമായി ഇടപെട്ട് അനാസ്ഥ കാണിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെമേൽ മാതൃകാപരമായ നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കാഞ്ഞിരപ്പള്ളിയിൽ പെട്രോൾ പമ്പ് ജീവനക്കാരനായ ജോജോയുടെ കൊലപാതകവും അതിനെ തുടർന്നുണ്ടായ ധനാപഹരണവും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോഷണത്തിന് വേണ്ടിയാണ് ആ കൊലപാതകം നടന്നതെന്നാണ് പ്രഥമദൃഷ്ട്യാ തോന്നുന്നത്. പക്ഷേ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്ത് വളരെ ഗൗരവമായിതന്നെ ആ കാര്യം അന്വേഷിക്കുന്നതാണ്. ഈ കാര്യത്തിൽ ബഹു. മെമ്പർക്ക് ഉറപ്പുതരാൻ സാധിക്കും. അദ്ദേഹം റെയ്സ് ചെയ്തത് വളരെ പ്രസക്തമായ കാര്യമാണ്. നിശ്ചയമായും ഇതിൽ യഥാർത്ഥ കുറ്റവാളികളെ കണ്ടെത്താൻ സത്വരമായ നടപടികൾ അതർഹിക്കുന്ന ഗൗരവത്തോടുകൂടി ഗവൺമെന്റ് എടുക്കുന്നതായിരിക്കും.

(7) എടത്വാ ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിക്കുന്നത് സംബന്ധിച്ച്

ഡോ. കെ.സി. ജോസഫ് : സർ, അപ്പർ കുട്ടനാട് മേഖലയിലെ വൈദ്യുതി വോൾട്ടേജ് ക്ഷാമംമൂലം ആ കാർഷിക മേഖല വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. തലവടി പഞ്ചായത്ത് ഉൾപ്പെടെയുള്ള പല പ്രദേശങ്ങളും പല ദിവസങ്ങളിലും അന്ധകാരത്തിലാണ്. മണ്ണ്പ്പുഴ സെക്ഷന്റെ കീഴിലും എടത്വാ സെക്ഷന്റെ കീഴിലുമായി വരുന്ന ഈ പ്രദേശങ്ങൾ ആവശ്യമായ വോൾട്ടേജ് ഇല്ലാത്തതുകൊണ്ട് പീക്ക് ഹവേഴ്സിൽ വോൾട്ടേജ് താണ് എപ്പോഴും അന്ധകാരത്തിൽ പോകുന്ന ഒരു സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി 1987-ൽ അനുവദിച്ചതാണ് എടത്വാ സബ്സ്റ്റേഷൻ. അതിനാവശ്യമായിട്ടുള്ള നടപടികൾ എടുത്ത് മുന്നോട്ടുപോകുന്ന അവസര

LIBRARY ARCHIVES Kerala Legislative Assembly